പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ.*72

30.01.2019 -ലെ മറുപടിയ്ക്ക്

# തൊഴിലാളികളുടെ അവകാശ സംരക്ഷണം

ചോദ്യം

ശ്രീ.കെ.ദാസൻ
ശ്രീ.എ.എം.ആരിഫ്
ശ്രീ.വി. ജോയി
ശ്രീ.എം.നൗഷാദ് :

എ) നിയമനിർമ്മാണത്തിലൂടെയും സർക്കാർ മേഖലയിലുൾപ്പെടെ കരാർവൽക്കരണം വ്യാപകമാക്കുന്ന നയം സ്വീകരിച്ചതിലൂടെയും കേന്ദ്ര സർക്കാർ രാജ്യത്തെ തൊഴിലാളികളെ അരക്ഷിതാവസ്ഥയിലാക്കിയ സാഹചര്യത്തിൽ സംസ്ഥാനത്ത് തൊഴിലാളികളുടെ അവകാശങ്ങൾ പരിരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ;

ഉത്തരം

ശ്രീ. ടി.പി.രാമകൃഷ്ണൻ
(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

എ) തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതടക്കമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി സമഗ്രമായ തൊഴിൽനയം സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പ് വരുത്തുന്നതിലേക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് തൊഴിൽ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2018 ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമഭേദഗതി ഓർഡിനൻസ് വകുപ്പ് 21 (ബി) പ്രകാരം തൊഴിലാളികൾക്ക് ജോലി സ്ഥലത്ത് ഇരിക്കുന്നതിനുള്ള ഇരിപ്പിട സൗകര്യം തൊഴിലുടമ ഏർപ്പെടുത്തി നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലിചെയ്യുന്ന തൊഴിലാളികളുടേതുൾപ്പെടെ കാലാവധി പൂർത്തിയായ 26 തൊഴിൽ മേഖലകളിലെ മിനിമം വേജസ് വിജ്ഞാപനങ്ങൾ പുതുക്കി നിശ്ചയിച്ചിട്ടുള്ളതുൾപ്പെടെ സംസ്ഥാനത്ത് ആകെ 80 മേഖലകളിൽ മിനിമം വേജസ് നിശ്ചയിച്ചിട്ടുണ്ട്. തൊഴിലാളികൾക്ക് അർഹതപ്പെട്ട സേവനവേതന വ്യവസ്ഥകൾ ലഭ്യമാക്കുന്നതിനൊപ്പം മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം ഉറപ്പുവരുത്തുന്നതിനും ലക്ഷ്യം വച്ച് തൊഴിൽ നിയമങ്ങളുടെ പാലനം മാനദണ്ഡമാക്കി സ്ഥാപനങ്ങൾക്ക് ഗ്രേഡുകൾ നൽകി മാതൃകാസ്ഥാപനങ്ങളായി പ്രഖ്യാപിക്കുന്ന പദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നു.

| | |
|---|---|
| ബി)യഥാർത്ഥ സാമ്പത്തിക ചൂഷകരെ സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടെ നോക്കുകൂലിയാണ് സംസ്ഥാനത്തെ വ്യവസായ മേഖലയിലെ മുഖ്യപ്രശ്നമെന്ന് ചില കേന്ദ്രങ്ങൾ ബോധപൂർവം വരുത്തിതീർത്തിട്ടുള്ളത് പരിഹരിക്കാൻ നോക്കുകൂലി അവസാനിപ്പിച്ചതോടൊപ്പം, വിവിധ മേഖലകളിലെ തൊഴിൽ സാഹചര്യം മെച്ചപ്പെടുത്തുന്നതിനും പ്രതിദിനം 600 രൂപയെങ്കിലും ഏറ്റവും കുറഞ്ഞ വേതനമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; | ബി) മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള മേഖലകളിലെ തൊഴിലാളികൾക്ക് ആയത് ലഭ്യമാക്കുന്നതിനായി തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്ഥാപന പരിശോധനകൾ നടത്തുന്നുണ്ട്. മിനിമം വേതനം നൽകാത്ത സ്ഥാപന ഉടമകൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. |
| സി) തുച്ഛ വേതനക്കാരായ തൊഴിലാളികൾക്ക് കുറഞ്ഞ ചെലവിൽ പാർപ്പിടം ഒരുക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ; | സി) ഭവനം ഫൗണ്ടേഷൻ കേരള (ബി.എഫ്.കെ) കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും കുറഞ്ഞ വേതനമുള്ള ജോലിക്കാർക്കും താങ്ങാനാവുന്ന വിലയ്ക്ക് നല്ല ഗുണനിലവാരമുള്ള അപ്പാർട്ട്മെന്റുകൾ നിർമ്മിച്ച് നൽകുന്ന പദ്ധതിയാണ് ജനനി പദ്ധതി.<br>ജനനി പദ്ധതിയുടെ കീഴിൽ ഇടുക്കിയിലെ അടിമാലിയിലുള്ള 217 യൂണിറ്റ് അപ്പാർട്ട്മെന്റ് കോംപ്ലക്സുകളുടെ പണി പൂർത്തിയായിട്ടുണ്ട്. എറണാകുളത്ത് പോഞ്ഞാശ്ശേരിയിൽ 296 അപ്പാർട്ടമെന്റ് കോംപ്ലക്സുകളുടെ പണി പുരോഗമിച്ച് വരുന്നു. കൂടാതെ, കൊച്ചി സ്കീം നടപ്പിലാക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഈ പദ്ധതിയിൽ 400 മുതൽ 600 ചതുരശ്ര അടി വരെ ഉള്ള കോംപ്ലക്സുകളാണ് പണിയുന്നത്. |
| ഡി) പ്രത്യേക സാമ്പത്തിക മേഖലയിലും ഐ.ടി. രംഗത്തും തൊഴിലാളികൾക്ക് സംഘടിക്കാനുള്ള മൗലികാവകാശം എത്രമാത്രം ഫലപ്രദമായി വിനിയോഗിക്കാൻ സാധ്യമാകുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | ഡി) ഇല്ല |

Sreelan
**സെക്ഷൻ ഓഫീസർ**